**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 307** **17-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ശ്രീ. കെ. പ്രേംകുമാർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | 2014 മുതലുള്ള കേന്ദ്ര ഗവണ്മെന്റിന്റെ കാലയളവിൽ സംസ്ഥാനത്തിനോടുള്ള കേന്ദ്ര അവഗണന വർദ്ധിച്ചിട്ടുള്ളതായി വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | നികുതി വിതരണത്തിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാത്തതും, കാലാകാലങ്ങളിലുള്ള ധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ വന്ന കുറവും, GST നഷ്ടപരിഹാരം നിർത്തലാക്കിയതും, റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവും സംസ്ഥാനത്തിന്റെ സുസ്ഥിര വികസന മേഖലയിൽ വിഭാവനം ചെയ്ത വേഗത്തിലുള്ള പുരോഗതിക്ക് കുറവിനുള്ള കാരണമായിട്ടുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന അനുപാതത്തിലെ മാറ്റങ്ങൾ, വേതനം, ഭരണച്ചെലവുകൾ മുതലായ ഉപഘടകങ്ങളിലെ വ്യതിയാനം എന്നിവ പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുവാൻ കാരണമായിട്ടുണ്ട്. ഇതിനുപുറമെ പദ്ധതികളിലെ ബ്രാൻഡിങ് നിബന്ധനകൾ, സംസ്ഥാനത്തിന്റെ ഭൗതിക-സാമൂഹിക സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്ത പ്രവർത്തന മാനദണ്ഡങ്ങൾ എന്നിവയും പദ്ധതികൾ നടപ്പാക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കിഫ്ബിയുടെയും, സംസ്ഥാന സർക്കാരിനു കീഴിലുള്ള മറ്റു സ്വതന്ത്ര സ്ഥാപനങ്ങളുടെയും വായ്പകൾ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയത് സർക്കാർ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനം ഭീകരമായ വെല്ലുവിളികളെ നേരിടുമ്പോഴും കേരള മോഡൽ വികസനത്തിന്റെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിൽ കേന്ദ്രീകൃതമായ അടിസ്ഥാന സൗകര്യ വികസനത്തിനും വളർച്ചയ്ക്കും വേണ്ടി സർക്കാർ ഉറച്ച നിലപാട് കൈക്കൊള്ളുന്നുണ്ട്. ഒരു വശത്തു സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലും മറുവശത്തു |

| | | | |
|---|---|---|---|
| | | | അധിക ആഭ്യന്തര വരുമാനം സമാഹരിക്കുന്നതും വഴി സുസ്ഥിര വികസന മേഖലയിൽ ഒരു തിരിച്ചുപോക്ക് ഉണ്ടാകാതിരിക്കാൻ കൃത്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക, രാഷ്ട്രീയ നയങ്ങളെ എതിർക്കുന്നു എന്ന കാരണത്താൽ അർഹമായ വിഹിതം നൽകാതിരിക്കുന്നത് സംസ്ഥാനത്തിന്റെ വികസന ക്ഷേമ മുന്നേറ്റങ്ങളെ തകർക്കാനുള്ള കേന്ദ്രത്തിന്റെ ആസൂത്രിത നീക്കമായി കരുതുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | നികുതി വിതരണത്തിൽ കേരളത്തിന് അർഹതപ്പെട്ട വിഹിതം ലഭ്യമാക്കാത്തതും, കാലാകാലങ്ങളിലുള്ള ധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ വന്ന കുറവും, GST നഷ്ടപരിഹാരം നിർത്തലാക്കിയതും, റവന്യൂ കമ്മി ഗ്രാന്റിൽ വന്ന കുറവും സംസ്ഥാനത്തിന്റെ സുസ്ഥിര വികസന മേഖലയിൽ വിഭാവനം ചെയ്ത വേഗത്തിലുള്ള പുരോഗതിക്ക് കുറവിനുള്ള കാരണമായിട്ടുണ്ട്.<br>കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര-സംസ്ഥാന അനുപാതത്തിലെ മാറ്റങ്ങൾ, വേതനം, ഭരണച്ചെലവുകൾ മുതലായ ഉപഘടകങ്ങളിലെ വ്യതിയാനം എന്നിവ പദ്ധതികളുടെ നടത്തിപ്പിൽ സംസ്ഥാനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകുവാൻ കാരണമായിട്ടുണ്ട്. ഇതിനുപുറമെ പദ്ധതികളിലെ ബ്രാൻഡിങ് നിബന്ധനകൾ, സംസ്ഥാനത്തിന്റെ ഭൗതിക-സാമൂഹിക സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്ത പ്രവർത്തന മാനദണ്ഡങ്ങൾ എന്നിവയും പദ്ധതികൾ നടപ്പാക്കുന്നതിനെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. കിഫ്ബിയുടെയും, സംസ്ഥാന സർക്കാരിനു കീഴിലുള്ള മറ്റു സ്വതന്ത്ര സ്ഥാപനങ്ങളുടെയും വായ്പകൾ സംസ്ഥാനത്തിന്റെ വായ്പാ പരിധിയിൽ ഉൾപ്പെടുത്തിയത് സർക്കാർ നടപ്പാക്കുന്ന വികസനപ്രവർത്തനങ്ങളെ ബാധിച്ചിട്ടുണ്ട്.<br><br>സംസ്ഥാനം ഭീകരമായ വെല്ലുവിളികളെ നേരിടുമ്പോഴും കേരള മോഡൽ വികസനത്തിന്റെ ഒരു വൈജ്ഞാനിക സമ്പദ് വ്യവസ്ഥയിൽ കേന്ദ്രീകൃതമായ അടിസ്ഥാന സൗകര്യ വികസനത്തിനും വളർച്ചയ്ക്കും വേണ്ടി സർക്കാർ ഉറച്ച നിലപാട് കൈക്കൊള്ളുന്നുണ്ട്. ഒരു വശത്തു സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിലും മറുവശത്തു അധിക ആഭ്യന്തര വരുമാനം സമാഹരിക്കുന്നതും വഴി സുസ്ഥിര വികസന മേഖലയിൽ ഒരു തിരിച്ചുപോക്ക് ഉണ്ടാകാതിരിക്കാൻ കൃത്യമായ നടപടികൾ സംസ്ഥാന സർക്കാർ സ്വീകരിക്കുന്നുണ്ട്. |
| (സി) | സംസ്ഥാനത്തിന്റെ ദീർഘകാലാവശ്യങ്ങളായ പ്രത്യേക റെയിൽവേ സോൺ, എയിംസ് തുടങ്ങിയവ പരിഗണിക്കാതിരിക്കുകയും സംസ്ഥാന വിഹിതം, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് എന്നിവ വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നത് സംസ്ഥാനത്തെ | (സി) | കേരളത്തിന് ഓൾ ഇന്ത്യ മെഡിക്കൽ സയൻസസ് (AIIMS) അനുവദിക്കണമെന്നുള്ളത് സംസ്ഥാനത്തിന്റെ ദീർഘകാല ആവശ്യങ്ങളിൽ ഒന്നാണ്. സർക്കാർ ഈ ആവശ്യം ഉന്നയിച്ച് നിരവധി തവണ കേന്ദ്ര സർക്കാരിനെ |

തകർക്കാനുള്ള നീക്കമായി കണ്ട് അതിനെ സംസ്ഥാനം ഒറ്റക്കെട്ടായി നേരിടേണ്ട സാഹചര്യം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

സമീപിക്കുകയുണ്ടായി. എന്നാൽ എല്ലാ സംസ്ഥാനങ്ങളിലും എയിംസ് മാതൃകയിൽ ഇൻസ്റ്റിറ്റ്യൂഷനുകൾ ഘട്ടം ഘട്ടമായി അനുവദിക്കുമെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചിട്ടുണ്ടെങ്കിലും കേരളത്തിന് ആയത് ഇതേ വരെ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. കോഴിക്കോട് ജില്ലയിലെ കിനാലൂരിൽ KSIDC യുടെ പക്കലുള്ള 200 ഏക്കർ സ്ഥലത്ത് സ്ഥാപിക്കാൻ അനുയോജ്യമാണെന്ന് ജനുവരി 2017-ൽ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ളതാണ്. കോഴിക്കോട് ജില്ലയിൽ താമരശ്ശേരി താലൂക്കിൽ കിനാലൂർ, കാന്തലാട് വില്ലേജുകളിലായി കണ്ടെത്തിയിട്ടുള്ള 61.3424 ഹെക്ടർ ഭൂമിയുടെ കൈവശാവകാശം മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന് കൈമാറിക്കൊണ്ട് 29.08.2024-ലെ GO (Ms) No.155/2024/RD നമ്പർ ഉത്തരവ് പ്രകാരം റവന്യൂ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കിനാലൂർ, കാന്തലാട് വില്ലേജുകളിലായി കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കോപ്പറേഷന്റെ (KSIDC) ഉടമസ്ഥതയിൽ ഉള്ളതും കൂടാതെ സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിൽ ഉള്ളതുമായ 40.6802 ഹെക്ടർ സ്ഥലം അനുവദിച്ച് തുടർ നടപടികൾ സ്വീകരിച്ചു വരികയുമാണ്. പ്രസ്തുത വിവരങ്ങൾ അറിയിച്ചുകൊണ്ടും എയിംസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ടും ബഹു. ആരോഗ്യ വകുപ്പ് മന്ത്രി 17.09.2024 തീയതിയിൽ ബഹു.കേന്ദ്ര ആരോഗ്യ മന്ത്രിയ്ക്ക് കത്തയക്കുകയുണ്ടായി. ആയതിന് 23.10.2024- ലെ കത്ത് പ്രകാരം നൽകിയ മറുപടിയിൽ Pradan Mantri Sawsthya Surksha Yojana (PMSSY) പദ്ധതിയുടെ അടുത്ത ഘട്ടത്തിൽ സംസ്ഥാനത്തിന് AIIMS അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിന് 'in-principle' അംഗീകാരം നല്കാൻ കേന്ദ്ര ധനകാര്യ മന്ത്രാലയത്തോട് അഭ്യർത്ഥിച്ചിട്ടുണ്ടെന്ന് ബഹു.കേന്ദ്ര ആരോഗ്യ മന്ത്രി അറിയിക്കുകയുണ്ടായി. പ്രസ്തുത കത്തിന് 13.12.2024 തീയതിയിൽ നൽകിയ മറുപടിയിൽ ഇക്കാര്യത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിക്കണമെന്ന് ബഹു.ആരോഗ്യ വകുപ്പ് മന്ത്രി വീണ്ടും അഭ്യർത്ഥിച്ചിട്ടുണ്ട് കൂടാതെ സംസ്ഥാനത്ത് എയിംസ് അനുവദിക്കുന്ന കാര്യം 2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര ബജറ്റിൽ ഉൾപ്പെടുത്താൻ 09.01.2025-ലെ സർക്കാർ കത്ത് പ്രകാരം കേന്ദ്ര ആരോഗ്യ വകുപ്പ് സെക്രട്ടറിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. എന്നാൽ സംസ്ഥാനത്തിന്റെ

| | | | |
|---|---|---|---|
| | | | ആവശ്യം ഇത്തവണത്തെ കേന്ദ്ര ബഡ്ജറ്റിലും ഉൾപ്പെടുത്തുകയുണ്ടായില്ല.<br><br>സംസ്ഥാനത്തിന്റെ ദീർഘകാലാവശ്യങ്ങളായ പ്രത്യേക റെയിൽവേ സോൺ, എയിംസ് തുടങ്ങിയവ പരിഗണിക്കാതിരിക്കുകയും സംസ്ഥാന വിഹിതം തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് എന്നിവ വെട്ടിക്കുറയ്ക്കുകയും ചെയ്യുന്നതിനെതിരായി പ്രസ്തുത വിഷയങ്ങൾ പാർലമെന്റിൽ ഉന്നയിക്കുന്നതിനായി എം.പി.മാരുടെ സമ്മേളനങ്ങളിൽ എം.പി.മാരോട് ആവശ്യപ്പെടാറുണ്ട്. |
| (ഡി) | സംസ്ഥാനത്തിന്റെ വികസന, ക്ഷേമ പ്രവർത്തനങ്ങൾ തടസ്സപ്പെടാതിരിക്കാൻ ഇത്തരം പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (ഡി) | ജനങ്ങളുടെ ഉന്നമനത്തിനും, സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള പുരോഗതിക്കും ഊന്നൽ നൽകിയുള്ള വികസന പദ്ധതികൾ നടപ്പിലാക്കാൻ തന്നെയാണ് സർക്കാർ ലക്ഷ്യമിട്ടിരിക്കുന്നത്. അടുത്ത 25 വർഷം കൊണ്ട് ജനങ്ങളുടെ ജീവിതനിലവാരം മധ്യവരുമാന വികസിത രാഷ്ട്രങ്ങൾക്ക് സമാനമായി ഉയർത്തുക എന്ന ലക്ഷ്യത്തോടെ സർക്കാർ വിവിധ മേഖലകളിൽ നിരവധി വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.<br><br>**<u>തൊഴിലും വിവരസാങ്കേതിക വിദ്യയും</u>** - തൊഴിൽ രഹിതരായ 20 ലക്ഷം അഭ്യസ്തവിദ്യർക്ക് തൊഴിൽ നൽകുന്ന ബൃഹത്തായ പദ്ധതികൾക്കാണ് സർക്കാർ തുടക്കമിട്ടിരിക്കുന്നത്. ഇതിന് നൈപുണ്യ പരിശീലനം നൽകുന്നതിനായി കേരള നോളജ് എക്കണോമി മിഷൻ രൂപീകരിച്ചിട്ടുണ്ട്. നൈപുണ്യ പരിശീലനം ലഭിച്ചവരുടെ വിവരങ്ങൾ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ ലഭ്യമാക്കുകയും, അവരിൽ നിന്ന് യോഗ്യരായവരെ ജോലിക്ക് തിരഞ്ഞെടുക്കുന്നതിന് ആഗോള കമ്പനികൾക്ക് അവസരം ഒരുക്കുകയും ചെയ്യുന്നു. നിർമ്മിത ബുദ്ധി അടിസ്ഥാനപ്പെടുത്തിയുള്ള പ്ലാറ്റ്ഫോമിന്റെ ആദ്യരൂപം ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ ആഭിമുഖ്യത്തിൽ പ്രാവർത്തികമാക്കിയിട്ടുണ്ട്. ഇൻഡസ്ട്രിയൽ റെവല്യൂഷൻ 4.0 യുടെ പ്രയോഗത്തിനും ആഗോള കമ്പനികളുമായി സമ്പർക്കം പുലർത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സംഘടനയെ സഹായിക്കുന്നതിനും നൂതന സാങ്കേതികവിദ്യയെ പ്രോത്സാഹിപ്പിക്കുന്നതിനും കെ-ഡിസ്ക് (കേരള ഡവലപ്മെന്റ് & ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ) മുൻകൈ എടുക്കുന്നുണ്ട്. ചെറുകിട സൂക്ഷ്മ സംരംഭങ്ങളുടെ ഇടയിൽ ഇന്നവേഷൻ ക്ലസ്റ്ററുകൾ രൂപീകരിക്കും.<br><br>**<u>കൃഷി</u>** |

മൂല്യ വർദ്ധിത പ്രവർത്തനങ്ങളിൽ നിന്നുള്ള വരുമാനം, മറ്റു അനുബന്ധ വരുമാനങ്ങൾ എന്നിവയിൽ വർദ്ധനവ് വരുത്തുക എന്നീ ലക്ഷ്യങ്ങളോടെ മൂല്യ വർദ്ധിത കൃഷി മിഷൻ (Value Added Agriculture Mission) രൂപീകരിക്കുകയുണ്ടായി.

**<u>ആർട്ടിഫിഷ്യൽ ഇന്റലിജൻസ്</u>**

കേരള സർവകലാശാല, ഡിജിറ്റൽ സർവകലാശാല, സാങ്കേതിക സർവകലാശാല, ഐ.സി.ടി. അക്കാഡമി തുടങ്ങിയ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ടെക്നോപാർക്കിന്റെയും നേതൃത്വത്തിൽ ആർട്ടിഫിഷ്യൽ ഇന്റലിജൻസിൽ പുതിയ പ്രോജക്ടുകൾ വിഭാവനം ചെയ്തു വരുന്നു.

**<u>സ്റ്റാർട്ടപ്പ് (Startups)</u>**

സ്റ്റാർട്ടപ്പുകൾക്ക് അന്തർദേശീയ വാണിജ്യ ബന്ധം ഉറപ്പാക്കാൻ അന്തർ ദേശീയ ലോഞ്ച്പാഡ് പ്രോഗ്രാമുകൾ, ഇന്റർനാഷണൽ മാർക്കറ്റ് ആക്സസ് പ്രോഗ്രാം എന്നീ പദ്ധതികൾ ആരംഭിച്ചു.

**<u>ഇലക്ട്രോണിക്സ്</u>**

കേരളത്തെ ഇലക്ട്രോണിക് വ്യവസായത്തിന്റെ ഹബ്ബാക്കി മാറ്റാനുള്ള ശ്രമമാണ് നടക്കുന്നത്. ഇലക്ട്രോണിക് ഹാർഡ്‌വെയർ നിർമ്മാണ യൂണിറ്റുകൾ, അസംബ്ലിംഗ് യൂണിറ്റുകൾ, ഇൻഫ്രാസ്ട്രക്ചർ യൂണിറ്റുകൾ എന്നിവ പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രോണിക് ഹാർഡ്‌വെയർ പാർക്കുകൾ സ്ഥാപിക്കും. വിരൽത്തുമ്പിൽ വിവരങ്ങൾ ലഭ്യമാക്കുന്നതിനായി നടപ്പിലാക്കിയ 'എന്റെ ജില്ല' എന്ന മൊബൈൽ ആപ്പ്, ഉപഭോക്താക്കൾ ജി.എസ്.ടി ബില്ലുകൾ ചോദിച്ചു വാങ്ങുന്നതിനായി നടപ്പാക്കിയ 'ലക്കി ബിൽ ആപ്പ്' എന്നിവ സാർവത്രികമാക്കും.

**<u>ബയോടെക്നോളജി</u>**

ലൈഫ് സയൻസ് പാർക്കുകൾ, ബയോ ക്യാമ്പസുകൾ, ലാബ് മൊഡ്യൂളുകൾ തുടങ്ങിയ മികവ് കേന്ദ്രങ്ങളുടെ പ്രവർത്തനം വികസിപ്പിക്കും. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി പോലുള്ള ഗവേഷണ അധിഷ്ഠിത സ്ഥാപനങ്ങൾ ഔഷധരംഗത്ത് ജീനോമിക്സ്/പ്രോട്ട്യോമിക്സ് തുടങ്ങിയ സാങ്കേതിക വിദ്യകൾ എന്നിവയെ

പ്രയോജനപ്പെടുത്തിയുള്ള പ്രോജക്ടുകൾ ആണ് വിഭാവനം ചെയ്യുന്നത്.

**<u>നാനോ ടെക്നോളജി</u>**

തൊഴിൽ അധിഷ്ഠിത നാനോ സാങ്കേതിക വിദ്യ കോഴ്സുകൾ വർദ്ധിപ്പിക്കും. കൃഷി, വ്യവസായം ഉൾപ്പെടെ വിവിധ മേഖലകൾ നാനോ സാങ്കേതികവിദ്യ ഉപയോഗിച്ച് നവീകരിക്കുകയും വിപുലപ്പെടുത്തുകയും ചെയ്യും. നാനോ സാങ്കേതികവിദ്യ ആസ്പദമാക്കി സയൻസ് പാർക്കുകൾ സ്ഥാപിക്കും.

**<u>ടൂറിസം</u>**

അന്താരാഷ്ട്ര ടൂറിസം വിപണിയുടെ ശ്രദ്ധ ആകർഷിക്കാൻ വിപുലമായ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കും. അതിന്റെ ഭാഗമായി ഇക്കോ-ടൂറിസം, റെസ്പോൺസിബിൾ ടൂറിസം, സീറോ പ്ലാസ്റ്റിക് സോൺ, ഗ്രീൻ ഡെസ്റ്റിനേഷൻ, കാരവൻ ടൂറിസം തുടങ്ങിയവയെല്ലാം വിപുലീകരിക്കും. സ്പൈസസ് ടൂറിസം, പൈതൃക ടൂറിസം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകും.

**<u>പ്രവാസികൾ</u>**

വിദേശ രാജ്യങ്ങളിലെ തൊഴിൽ സാധ്യതകളെക്കുറിച്ച് പഠിക്കുകയും സുരക്ഷിതമായ നിയമന നടപടികൾ പ്രവാസികൾക്ക് ഉറപ്പ് വരുത്തുകയും ചെയ്യും. പ്രവാസി ഡാറ്റാ ബേസ് തയ്യാറാക്കുകയും അതിൽ കൃത്യമായ വിവരങ്ങൾ ലഭ്യമാക്കുകയും ചെയ്യും. പ്രവാസി ചിട്ടി, പ്രവാസി ഡിവിഡന്റ് സ്കീം, ലോക കേരളസഭ എന്നിവയെല്ലാം പ്രവാസികളുടെ ഉന്നമനം ലക്ഷ്യമാക്കിയുള്ള പദ്ധതികളാണ്.

**<u>പൊതുജനാരോഗ്യം</u>**

പകർച്ചവ്യാധികൾ, പകർച്ചേതര രോഗങ്ങളും, മാനസിക രോഗങ്ങളും, അപകടം മൂലം ഉണ്ടാകുന്ന മരണങ്ങളും കുറയ്ക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കും. സമ്പൂർണ്ണ സാർവ്വത്രിക ഇമ്യൂണൈസേഷൻ പോലുള്ള പരിപാടികൾ നടപ്പിലാക്കും. എല്ലാ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റും. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയും ദേശീയ അക്രഡിറ്റേഷൻ നിലവാരത്തിലേക്ക് ഉയർത്തും. ആരോഗ്യ രംഗത്ത് നൂതന സാങ്കേതികവിദ്യ പൂർണമായി പ്രയോജനപ്പെടുത്തി മൾട്ടി-സ്പെഷ്യാലിറ്റി ഹോസ്പിറ്റലുകളും, അപെക്സ് കാൻസർ സെന്ററുകളും

സ്ഥാപിക്കും. ഇടുക്കി ജില്ലയിലെ ഉടുമ്പൻചോലയിൽ പുതിയ സർക്കാർ ആയുർവേദ മെഡിക്കൽ കോളേജ് സ്ഥാപിക്കും.

**സഹകരണം**

താഴെ തട്ടിലുള്ളവർ, കൂലിവേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്ന് ഒഴിവാക്കി, 'മുറ്റത്തെ മുല്ല' എന്ന പേരിൽ കുടുംബശ്രീ വഴി, ഗ്രാമീണ ലഘു വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു.

**<u>പാർപ്പിടം (ലൈഫ്)</u>**

ലൈഫ് മിഷന്റെ ഭാഗമായി അർഹരായവർക്ക് വീട്/ ഫ്ലാറ്റ് അനുവദിച്ച് എല്ലാവർക്കും ഭവനം എന്ന സ്വപ്നം സാക്ഷാത്കരിക്കും. 'പുനർഗേഹം' പദ്ധതിയിലൂടെ മത്സ്യത്തൊഴിലാളികളുടെ പുന:രധിവാസം പ്രവർത്തികമാക്കി വരുന്നു.

**<u>മുൻഗണനാ പദ്ധതികൾ (Priority Projects)</u>**

അടിസ്ഥാന സൗകര്യ വികസനത്തിനും വൻകിട പദ്ധതികളുടെ നടത്തിപ്പിനും റോഡുകൾ, പാലങ്ങൾ, റെയിൽവേ, ഐടി വികസനം, ടെക്നോളജി ഇന്നവേഷൻ സോൺ, പൊതുവിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, സാങ്കേതിക വിദ്യാഭ്യാസം, പൊതുജനാ രോഗ്യരംഗത്ത് മെച്ചപ്പെട്ട സൗകര്യങ്ങൾ, ജലസേചന കുടിവെള്ള പദ്ധതികൾ, സാംസ്കാരികം, ടൂറിസം, കായികം, കൃഷി, ഊർജ്ജം, തുറമുഖം, തീരസംരക്ഷണം തുടങ്ങിയ എല്ലാ മേഖലകളിലും സമഗ്ര വികസനം ഉറപ്പുവരുത്തുന്ന പദ്ധതികൾ നടപ്പിലാക്കും. വാതിൽപ്പടി സേവനം, നിലാവ് പദ്ധതി, കെ-ഫോൺ തുടങ്ങിയവയെല്ലാം ഇതുമായി ബന്ധപ്പെട്ട മുൻഗണനാ പദ്ധതികളാണ്. ടേക്ക്-എ-ബ്രേക്ക്, റെസ്റ്റ്-സ്റ്റോപ് എന്നീ പദ്ധതികൾ സാർവ്വത്രികമായി നടപ്പിലാക്കി വരുന്നു. കൂടാതെ പരപ്പനങ്ങാടി, ചെത്തി എന്നീ രണ്ടു പുതിയ മൽസ്യബന്ധന തുറമുഖ പദ്ധതികളുടെ നിർമ്മാണം പൂർത്തീകരിക്കും.

**<u>അഴിമതിരഹിത ഭരണം</u>**

സേവന മേഖല ഉൾപ്പെടെ സർവ്വ മേഖലകളും അഴിമതി മുക്തമാക്കുന്നതിന് മുൻഗണന നൽകും. ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി സർക്കാർ ഓഫീസുകളിലെ ഫയൽ നീക്കം ത്വരിത ഗതിയിലാക്കുവാനും, കൃത്യമായി നിരീക്ഷിക്കുവാനുള്ള സംവിധാനം വിപുലീകരിക്കും.

| | | | |
|---|---|---|---|
| | | | സർക്കാർ ഓഫീസുകളിലും പൊതുമേഖല സ്ഥാപനങ്ങളിലുമൊക്കെ ഡിജിറ്റലൈസേഷൻ പൂർണമായും നടപ്പാക്കും.<br><br>ശുചിത്വ-മാലിന്യ സംസ്കരണ പ്രവർത്തനങ്ങളും ഉറവിട-മാലിന്യ സംസ്കരണ രീതികളും പ്രോത്സാഹിപ്പിക്കും.<br><br>**<u>സ്ത്രീ സുരക്ഷ</u>**<br><br>എല്ലാ പദ്ധതികളും സ്ത്രീ സൗഹൃദവും പരിസ്ഥിതി സൗഹൃദവും ആക്കും. സ്ത്രീ സുരക്ഷയ്ക്കായി പിങ്ക് പോലീസ്, എന്റെ കൂട് എന്ന പദ്ധതി ആവിഷ്കരിച്ച് വിപുലീകരിച്ച് കഴിഞ്ഞു.<br><br>കുട്ടനാട്, കാസർഗോഡ്, വയനാട്, ഇടുക്കി പാക്കേജുകളുടെ പരിസ്ഥിതി പുനഃസ്ഥാപനത്തിനും, സാമൂഹിക പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള സമഗ്ര വികസന പാക്കേജുകൾ നടപ്പിലാക്കും.<br><br>**<u>റൂം ഫോർ റിവർ പദ്ധതി</u> -** നദികളുടെ ആഴം കൂട്ടി പ്രളയജലം വേഗത്തിൽ ഒഴുക്കി കളയുന്നതിനുള്ള പദ്ധതികൾ സാർവത്രികമാക്കും.<br><br>**<u>പട്ടിക ജാതി പട്ടികവർഗ്ഗ വികസനം -</u>** മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്കും അഞ്ചു വർഷത്തിനുള്ളിൽ പാർപ്പിടം നൽകും. റസിഡൻഷ്യൽ സ്കൂൾ/ഹോസ്റ്റൽ എന്നിവ ഉന്നത നിലവാരത്തിലാക്കും. നൈപുണ്യ പരിശീലനം, തുടർ തൊഴിൽ പദ്ധതി എന്നിവയും നടപ്പിലാക്കും.<br><br>**<u>വിദ്യാഭ്യാസം -</u>** എല്ലാ സ്കൂളുകളിലും കമ്പ്യൂട്ടർ, സ്മാർട്ട് ക്ലാസ് റൂമുകൾ, ആധുനിക കെട്ടിട സമുച്ചയങ്ങൾ എന്നിവ ഉറപ്പാക്കും.<br><br>**<u>പൊതുവിതരണ സമ്പ്രദായം</u> -** വാടക വീട്ടിലെ താമസക്കാർ, തെരുവോരത്ത് കഴിയുന്നവർ, ട്രാൻസ്ജെൻഡർ എന്നീ വിഭാഗങ്ങളിലെ അർഹരായവർക്ക് റേഷൻ കാർഡ് വിതരണം ചെയ്തു വരുന്നു. ആദിവാസി ഊരുകൾ, പ്ലാന്റേഷൻ മേഖലകൾ എന്നിവിടങ്ങളിലെ ജനങ്ങൾക്ക് റേഷൻ കൈപ്പറ്റുന്നതിലെ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിന് മൊബൈൽ റേഷൻ കടകൾ വഴി സാധനങ്ങൾ വിതരണം ചെയ്യുന്നു. പൊതുവിതരണം കുറ്റമറ്റതും സുതാര്യമാക്കുന്നതിനുമായി പൊതുവിതരണം നടത്തുന്ന വാഹനങ്ങളിൽ GPS ഘടിപ്പിക്കൽ, NFSA ഗോഡൗണുകളിൽ CCTV സംവിധാനം ഒരുക്കൽ എന്നിവ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ